## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 781 08.03.2012 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിന്റെ വിശദാംശം**

**ചോദ്യം**

ശ്രീമതി.ഇ.എസ്.ബിജിമോൾ:

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നിജപ്പെടുത്തുന്നതിന് അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; | (എ) മുല്ലപ്പെരിയാർ ഡാമിലെ ഷട്ടറുകൾ സ്ഥിരമായി തുറന്നു വച്ചിരിക്കുന്നതിനാൽ ജലനിരപ്പ് 136 അടിയ്ക്ക് മുകളിൽ എത്തുമ്പോൾ ജലം സ്പിൽവേ വഴി താഴേക്ക് ഒഴുകും |
| (ബി) 1970 ലെ അനുബന്ധകരാർ പ്രകാരം എത്ര ടി.എം.സി. ജലമാണ് തമിഴ്നാടിന് നല്കിവരുന്നത് ; | (ബി) 1970 ലെ അനുബന്ധ കരാറിൽ തമിഴ്നാടിന് നൽകുവാനുള്ള ജലത്തിന്റെ അളവിനെക്കുറിച്ചുള്ള പരാമർശങ്ങളില്ല. |
| (സി) ഡാമിൽ നിന്ന് തമിഴ്നാടിന് ലഭിക്കുന്ന ജലം എത്രയെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടോ; ആയതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിൽ ഉള്ളത് ; | (സി) ഉണ്ട്. അതിനായി തേക്കടിയിൽ ഒരു മോണിറ്ററിംഗ് സെക്ഷൻ പ്രവർത്തിച്ചു വരുന്നു. |
| (ഡി) മുല്ലപ്പെരിയാർ ഡാമിന്റെ ഡാം ബ്രേക്ക് അനാലിസസ് നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം ; | (ഡി) ഡാം ബ്രേക്ക് അനാലിസിസ് പുരോഗമിച്ചു വരികയാണ്. |

| | |
|---|---|
| (ഇ) ബേബി ഡാമിന്റെ നിലവിലെ അവസ്ഥ എന്താണ് ; ഡാമിന്റെ പരിസരത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ഭൂചലനങ്ങൾ ഉണ്ടായിട്ടുണ്ട് ; അവയുടെ തീവ്രത എത്രയായിരുന്നു ; | (ഇ) ബേബി ഡാം വളരെ ദുർബലമാണെന്നാണ് കേരളത്തിന്റെ നിഗമനം. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രസ്തുത മേഖലയിൽ വിവിധ തീവ്രതകളുള്ള 25 ഭൂചലനങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (എഫ്) ഡാം സേഫ്റ്റി അതോറിറ്റി എത്ര തവണ മുല്ലപ്പെരിയാർ ഡാം സന്ദർശിച്ചിട്ടുണ്ട് ; | (എഫ്) മൂന്നു തവണ |
| (ജി) ഇടുക്കി ഡാമിനും മുല്ലപ്പെരിയാർ ഡാമിനും ഇടയിൽ എത്ര ദൂരമുണ്ട് ; ഡാം തകർന്നാൽ ഈ പ്രദേശത്തെ എത്ര കുടുംബങ്ങളെ ബാധിക്കും; | (ജി) 36 കിലോ മീറ്റർ ദൂരമുണ്ട്. 8941 വീടുകൾ |
| (എച്ച്) അപകടം സംഭവിക്കുന്ന പക്ഷം ജനങ്ങളെ മാറ്റി പാർപ്പിക്കുവാൻ കണ്ടെത്തിയ ഷെൽട്ടറുകൾ എവിടെയൊക്കെയാണ് ; | (എച്ച്) കുമളി, പെരിയാർ, മഞ്ചുമല, ഏലപ്പാറ, ഉപ്പുതറ, ആനവിലാസം, അയ്യപ്പൻകോവിൽ |
| (ഐ) അപകടസാധ്യത വിലയിരുത്തുന്നതിനായി ഉപഗ്രഹചിത്രങ്ങൾ വിശകലനം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയേൺമെന്റ് സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ? | (ഐ) ഇല്ല |

സെക്ഷൻ ഓഫീസർ